(ബി) ഇപ്പോൾ ഇവ തയ്യാറാക്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി & സി) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ 1-4-2004 മുതൽ സിംഗിൾ എൻട്രി സമ്പ്രദായത്തിലുള്ള പുതിയ അക്കൗണ്ടിംഗ് നടപ്പിലാക്കിയിട്ടുണ്ട്. നഗരസഭകളിലും കോർപ്പറേഷനുകളിലും ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് രീതി നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. 1-4-2006 മുതൽ ഈ രീതി നടപ്പിൽ വരുത്തുന്നതാണ്.

ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ

91 [3479] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയ എത്ര കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്തു നല്കി എന്ന് നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് ഇളവ് നൽകി എത്ര കെട്ടിടങ്ങൾ പണിയുന്നതിനായി സർക്കാർ അനുമതി നല്കിയെന്ന് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തരം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പണിത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത വകയിൽ പിഴ ഇനത്തിൽ സർക്കാരിന് എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾ

92 [3480] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയതിനെതുടർന്ന് ഓംബുഡ്സ്മാൻ നൽകുന്ന വിധി നടപ്പിലാക്കുന്നതിന് എന്ത് ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly